**കേരള സർക്കാർ**

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ് - എൽ. എ. ഒ. സ്പെഷ്യൽ തഹസിൽദാർ എൽ. എ. (റെയിൽവെ) യുടെ പേരിൽ മീനച്ചിൽ സബ് ട്രഷറിയിൽ ഒരു പലിശ രഹിത സ്പെഷ്യൽ ടി. എസ്. ബി. അക്കൗണ്ട് ആരംഭിക്കുന്നതിന് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്**

**സ.ഉ. (സാധാ)നം.8357/2018/ധന.** തിരുവനന്തപുരം, തീയതി **09/10/2018**

പരാമർശം:- 1. 09.02.2007 - ലെ ജി . ഒ ( എം . എസ് ) 47/2007/ ആർ . ഡി

2. 02/08/2018 തീയതിയിലെ കോട്ടയം ജില്ലാ കളക്ടറുടെ ജി4-2008-14 നമ്പർ കത്ത്.

3. ഭരണ വകുപ്പ് ഫയൽ നം.TRANS-D2/340/2018-TRANS Computer No.938416

**<u>ഉത്തരവ്</u>**

കോട്ടയം ജില്ലയിൽ മീനച്ചിൽ, കാഞ്ഞിരപ്പള്ളി എന്നീ താലൂക്കുകളിലായി 13 വില്ലേജുകളിലൂടെ കടന്നു പോകുന്നതാണ് നിയുക്ത അങ്കമാലി - ശബരി റെയിൽവെ ലൈൻ. അങ്കമാലി - ശബരി റെയിൽവെ പദ്ധതിക്കായി വസ്തു പൊന്നുംവിലയ്ക്കെടുക്കുന്നതിനായി ഏകദേശം 150 കോടി രൂപ ചിലവു വരുന്നതാണെന്നും ഇതിലേക്കായി കോട്ടയം ജില്ലയിൽ സ്പെഷ്യൽ തഹസീൽദാർ എൽ. എ. റെയിൽവെ, പാല എന്ന ആഫീസ്, പരാമർശം 1 ലെ ഉത്തരവ് പ്രകാരം ആരംഭിച്ച് പ്രവർത്തനം തുടങ്ങിയതായി കോട്ടയം ജില്ലാ കളക്ടർ അറിയിച്ചിരിക്കുന്നു. ഭൂമി ഏറ്റെടുക്കുന്നതിനായുള്ള തുകയുടെ നിശ്ചിത ശതമാനം എസ്റ്റാബ്ലിഷ്മെന്റ് ചാർജ് ഇനത്തിൽ സ്പെഷ്യൽ തഹസിൽദാർ എൽ. എ. റെയിൽവെയുടെ പേരിൽ അനുവദിക്കുന്ന മുറയ്ക്ക് ആയത് നിക്ഷേപിക്കുന്നതിനായി സ്പെഷ്യൽ തഹസിൽദാർ എൽ. എ. റെയിൽവെയുടെ പേരിൽ സ്പെഷ്യൽ ടി. എസ്. ബി. അക്കൗണ്ട് തുടങ്ങുന്നതിന് അനുമതി നൽകണമെന്ന് സ്പെഷ്യൽ തഹസിൽദാർ അഭ്യർത്ഥിച്ചിട്ടുള്ള സാഹചര്യത്തിൽ അർത്ഥനാധികാരിയായ റെയിൽവെ എൽ. എ. ഒ. സ്പെഷ്യൽ തഹസിൽദാർ എൽ. എ. (റെയിൽവെ) യുടെ പേരിൽ അനുവദിക്കുന്ന ഫണ്ട് നിക്ഷേപിക്കുന്നതിനായി മീനച്ചിൽ സബ് ട്രഷറിയിൽ സ്പെഷ്യൽ ടി. എസ്. ബി അക്കൗണ്ട് ആരംഭിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശം കത്ത് പ്രകാരം കോട്ടയം ജില്ലാ കളക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മേൽ ആവശ്യത്തിലേയ്ക്കായി എൽ. എ. ഒ. സ്പെഷ്യൽ തഹസിൽദാർ എൽ. എ. (റെയിൽവെ) യുടെ പേരിൽ മീനച്ചിൽ സബ് ട്രഷറിയിൽ ഒരു പലിശ രഹിത സ്പെഷ്യൽ ടി. എസ്. ബി. അക്കൗണ്ട് ആരംഭിക്കുന്നതിന് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**സുരേഷ് കുമാർ ഒ.ബി.**

**അണ്ടർ സെക്രട്ടറി (ധനകാര്യം)**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.&ഇ/ജി.&എസ്.എസ്.എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ.&ആർ.എസ്.എ) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, കോട്ടയം
ഗതാഗത(ഡി)വകുപ്പ് (e-file No: TRANS-D2/340/2018-TRANS Computer No.938416)
ധനകാര്യ (IND&PW-A) വകുപ്പ്
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ